# ചരിത്രം തിരുത്തിയ ജമാഅത്തെ ഇസ്‌ലാമി കോഴിക്കോട് ജില്ലാ സമ്മേളനം

സ്റ്റാഫ് റിപ്പോർട്ടർ

**ജമാഅത്തെ** ഇസ്‌ലാമി കോഴിക്കോട് ജില്ലാ സമ്മേളനം നിരവധി സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് സാക്ഷിയായ കോഴിക്കോട് കടപ്പുറത്തു വെച്ചായത് തീർത്തും ആകസ്മികം. പക്ഷേ ആ ആകസ്മികത സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് ഒരു തുടർച്ച സമ്മാനിക്കുകയായിരുന്നു. സമ്മേളനത്തിലുടനീളം ആ പോരാട്ടവീര്യം ത്രസിച്ചുനിന്നു. മറ്റൊരു പ്രത്യേകത കൂടിയുണ്ട് ഈ നഗരത്തിന്. കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദ്യശബ്ദം മുഴങ്ങിയ നഗരം. എടയൂരും പരിസരപ്രദേശങ്ങളും മാത്രമല്ല, കോഴിക്കോട് നഗരവും ജമാഅത്തെ ഇസ്‌ലാമിയുടെ തട്ടകമായിരുന്നു. ഹാജി സാഹിബിന്റെയും സഹപ്രവർത്തകരുടെയും ത്യാഗങ്ങൾ നിഷ്ഫലമായില്ല എന്ന് വിളിച്ചോതുന്നതായിരുന്നു ഫെബ്രുവരി 18-ന് നടന്ന ജില്ലാ സമ്മേളനം.

നഗരത്തിന്റെ ചരിത്രപ്രാധാന്യത്തിലേക്ക് സമ്മേളനത്തിന്റെ ആദ്യ സെഷൻ ഉദ്ഘാടനം ചെയ്ത ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി ജനറൽ മുഹമ്മദ് ജഅ്ഫറും വിരൽചൂണ്ടുകയുണ്ടായി. ജമാഅത്ത് എന്തിനുവേണ്ടി നിലകൊള്ളുന്നു എന്ന് അദ്ദേഹം വിശദീകരിച്ചു: "മനുഷ്യനെ മനുഷ്യന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുകയാണ് ജമാഅത്തിന്റെ ഒന്നാമത്തെ ലക്ഷ്യം. സ്വാതന്ത്ര്യസമരം ശക്തിപ്പെട്ട സന്ദർഭത്തിൽ പ്രസ്ഥാന നായകൻ മൗലാനാ മൗദൂദി ഈ വിമോചനത്തിന്റെ ശബ്ദമാണ് ഉയർത്തിയത്. പ്രകൃതിപ്രതിഭാസങ്ങൾക്കും വസ്തുക്കൾക്കും നിങ്ങൾ വിധേയപ്പെടരുത്. അത് മനുഷ്യാന്തസ്സിന് ചേർന്നതല്ല. മനുഷ്യൻ മറ്റു മനുഷ്യരുടെ ചിന്താഗതികൾക്ക് കീഴ്പ്പെടുന്നതും ഇതുപോലെ മനുഷ്യാന്തസ്സ് കെടുത്തുന്ന അടിമത്തം തന്നെ. ഈ രണ്ട് അടിമത്തങ്ങളിൽനിന്നും രക്ഷപ്പെടുമ്പോഴേ മനുഷ്യന്റെ സമ്പൂർണ വിമോചനം സാധ്യമാവൂ എന്ന് മൗലാനാ മൗദൂദി സമർഥിച്ചു. ഈ ദൗത്യം ഇസ്‌ലാമികസമൂഹത്തെ പഠിപ്പിച്ചു.

"പ്രപഞ്ചത്തിലെ ഓരോന്നിനും ഒരു ദൗത്യമുണ്ട്. നാണം മറയ്ക്കുക, ചൂടിൽനിന്നും തണുപ്പിൽനിന്നും ശരീരത്തെ കാക്കുക തുടങ്ങിയവയാണ് വസ്ത്രത്തിന്റെ ദൗത്യം. ഇതൊന്നും വസ്ത്രം കൊണ്ട് ലഭിക്കുന്നില്ലെങ്കിൽ ആ വസ്ത്രം പിന്നെയാരും ചുമന്ന് നടക്കുകയില്ല. ഇതുതന്നെയാണ് ഇസ്‌ലാമികസമൂഹത്തിന്റെയും അവസ്ഥ. അതിന് ഒരു ദൗത്യമുണ്ട്. അതിനുവേണ്ടിയാണ് ആ സമൂഹത്തിന്റെ നിയോഗം. ആ ദൗത്യം നിർവഹിക്കുന്നില്ലെങ്കിൽ പിന്നെ ആ സമൂഹത്തിന് യാതൊരു പ്രസക്തിയുമില്ല. ഇക്കാര്യം നിരന്തരം സമൂഹത്തെ ഓർമിപ്പിച്ചുകൊണ്ടിരിക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനം."

ഇസ്‌ലാമിക സമൂഹത്തിന്റെ ഐക്യവും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുഖ്യ അജണ്ടയാണെന്ന് ജഅ്ഫർ സാഹിബ് പറഞ്ഞു. ഫാഷിസ്റ്റ് ഭീഷണി ശക്തമായ ഇന്നത്തെ സാഹചര്യത്തിൽ മുസ്‌ലിംകൾക്കിടയിൽ വിഭാഗീയത ഇല്ലാതാക്കാൻ ജമാഅത്ത് മുൻകൈയെടുക്കുന്നുണ്ട്. ഇതര പ്രസ്ഥാനങ്ങളെ ദുർബലപ്പെടുത്താനാവരുത് ഒരു സംഘടനയുടെ ശ്രമം. അങ്ങനെ വന്നാൽ ആ സംഘടന തന്നെയായിരിക്കും തകരുക.

വി.കെ. അലി (ഇസ്‌ലാമിക നവോത്ഥാനം: ഉള്ളടക്കവും പ്രയോഗവും), എം.ഐ അബ്ദുൽ അസീസ് (ഇസ്‌ലാമിക ജീവിതത്തിന്റെ ആത്മീയ പരിസരം), കെ.ടി അബ്ദുർറഹീം (സ്ത്രീശാക്തീകരണം-ഇസ്‌ലാമിക വായന) ക്ലാസ്സെടുത്തു. ജമാഅത്തെ ഇസ്‌ലാമി കോഴിക്കോട് ജില്ലാ പ്രസിഡന്റ് വി.പി ബശീർ അധ്യക്ഷനായിരുന്നു. സമ്മേളന ജനറൽ കൺവീനർ പി.സി ബശീർ സ്വാഗതമാശംസിച്ചു. എം.കെ അബ്ദുർറഹ്മാൻ തറുവായ് നടത്തിയ ഖുർആൻ പഠനത്തോടെയാണ് ഒന്നാം സെഷൻ ആരംഭിച്ചത്. ഐ.പി.എച്ചിന്റെ 'ഇസ്‌ലാമിക് ബാങ്കിംഗ്' എന്ന പുസ്തകവും തനിമയുടെ 'കനിവിന്റെ തീർഥാടനം', 'മൊയ്തു മൗലവിയുടെ ഓർമകൾ'എന്ന സി.ഡികളും പ്രകാശനം ചെയ്യപ്പെട്ടു.

### ശ്രദ്ധേയമായ സൗഹൃദ സമ്മേളനം

സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധയാകർഷിച്ച പരിപാടി സൗഹൃദ സംഗമമായിരുന്നു. വിവിധ മുസ്‌ലിംസംഘടനാ പ്രതിനിധികൾ ഒരു വേദിയിൽ ഒന്നിച്ചിരുന്ന് തങ്ങളുടെ പരിഭവങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. ഇങ്ങനെയൊരു സംഗമത്തിന് അടുത്തകാലത്തൊന്നും നഗരം സാക്ഷിയായിട്ടില്ല. ഡോ. മുഹമ്മദ് ഇനായത്തുല്ലാ സുബ്ഹാനി(യു.പി) ആയിരുന്നു ഉദ്ഘാടകൻ. "മുസ്‌ലിം സമൂഹത്തിന്റെ ലക്ഷ്യം ഒന്ന്. ശാഖാപരവും ഇജ്തിഹാദീപരവുമായ കാര്യങ്ങളി

ലാണ് തർക്കം. യോജിപ്പിന്റെ അനേകം മേഖലകളെ വിയോജിപ്പിന്റെ തുഛം മേഖലകൾ അതിജയിക്കുകയാണ്. ഏതാണ് ശാഖാപരം, ഏതാണ് മൗലികം എന്ന് തിരിച്ചറിയാനാകാത്തവിധം എല്ലാം കൂടിക്കുഴഞ്ഞുപോയിരിക്കുന്നു.'

ഇന്നത്തെ പ്രശ്നങ്ങൾ എങ്ങനെ നേരിടണം എന്നതിലല്ല മുസ്‌ലിംകൾക്കിടയിലെ തർക്കമെന്നും സുബ്ഹാനി പറഞ്ഞു. നൂറ്റാണ്ടുകൾക്കു മുമ്പ് ഉടലെടുത്ത ചില വിഷയങ്ങളിലാണ് ഇപ്പോഴും തർക്കം. ആ വിഷയങ്ങളും തർക്കത്തിനുള്ള കാരണങ്ങളും ഇന്ന് തീർത്തും അപ്രസക്തമായിക്കഴിഞ്ഞു. എന്നിട്ടും തർക്കം മാത്രം അതിന്റെ രൂക്ഷത കൈവിടാതെ നിലനിൽക്കുകയാണ്. ചരിത്രാവബോധത്തോടെ ഭിന്നാഭിപ്രായമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്താൽ പലതും പരിഹരിക്കാനാവും- അദ്ദേഹം പറഞ്ഞു.

മൊത്തം മുസ്‌ലിംസമൂഹത്തെ ഉന്നമിട്ട് സാമ്രാജ്യത്വശക്തികൾ കരുക്കൾ നീക്കുന്ന പശ്ചാത്തലത്തിൽ മുസ്‌ലിം ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് അധ്യക്ഷപ്രഭാഷണം

# സാമ്രാജ്യത്വത്തെ ചെറുക്കുന്നത് ഇസ്‌ലാമികസമൂഹം

**ക്ലോഡ് അൽവാരിസ്**

**അമേരിക്കൻ** സാമ്രാജ്യത്വത്തിനെതിരെയുള്ള വലിയൊരു യുദ്ധമുഖത്താണ് ഇന്ന് മനുഷ്യസമൂഹം. ഈ യുദ്ധം ഹിന്ദുവിനോ മുസ്‌ലിമിനോ ക്രിസ്ത്യാനിക്കോ ഒറ്റക്ക് നടത്താൻ കഴിയുകയില്ല. എല്ലാവരും ചേർന്ന് നേരിടണം. മുഖ്യശത്രുവിനെതിരെ എല്ലാ വിഭാഗക്കാരെയും അണിനിരത്തുക എന്ന നയമാണ് ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും സ്വീകരിക്കുന്നത്. ഇത് അഭിനന്ദനാർഹമാണ്.

ബഹുരാഷ്ട്ര കുത്തകകളും അവരുടെ നിക്ഷിപ്ത താൽപര്യങ്ങളുമാണ് അമേരിക്കൻ ഭരണകൂടത്തെ നയിക്കുന്നത്. അത് ശരിയായ രീതിയിലുള്ള ഒരു ഭരണകൂടമല്ല. കോർപറേറ്റുകളുടെ ഒരു മുഖംമൂടി മാത്രമാണ്. ഓരോ രാഷ്ട്രത്തിലെയും ഗ്രാമങ്ങൾ വരെ കൈയടക്കുകയും ഭരണകൂടങ്ങളെ ചൊൽപടിയിലാക്കുകയുമാണ് ബഹുരാഷ്ട്ര കമ്പനികളുടെ ലക്ഷ്യം. അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഭരണകൂടങ്ങളെ മാത്രമേ അവർ തുടരാൻ അനുവദിക്കൂ.

ഇതിനെതിരെ കാര്യമായ എതിർപ്പുകളൊന്നും എവിടെനിന്നും ഉയരുന്നില്ല. രണ്ട് ഭരണാധികാരികളേ അമേരിക്കൻ സാമ്രാജ്യത്വത്തെ ശക്തിയായി ചെറുത്തിട്ടുള്ളൂ. രണ്ടു പേരും മുസ്‌ലിം നാടുകളിൽനിന്നുള്ളവരാണ്. മലേഷ്യയിലെ മഹാതീർ മുഹമ്മദും ഇറാനിലെ അഹ്മദി നിജാദും. ഇന്ന് സാമ്രാജ്യത്വത്തെ ചെറുക്കുന്നതും ഇസ്‌ലാമിക സമൂഹമാണ്. അവരില്ലായിരുന്നെങ്കിൽ അമേരിക്ക ലോകത്തെ പൂർണമായി നശിപ്പിച്ചിട്ടുണ്ടാകുമായിരുന്നു.

ഇത് പിശാചിന്റെ നാഗരികതയാണെന്ന് പാശ്ചാത്യ നാഗരികതയെക്കുറിച്ച് നൂറു വർഷം മുമ്പ് ഗാന്ധിജി *ഹിന്ദുസ്വരാജിൽ* എഴുതിയിട്ടുണ്ട്. ഇതര ലോകത്തെ മാത്രമല്ല അത് നശിപ്പിക്കുക. ആ നാഗരികത തഴച്ചുവളരുന്ന ഇംഗ്ലണ്ടിനെയും അമേരിക്കയെയും അത് നശിപ്പിക്കും. ഇന്ത്യയെ തകർക്കുക ബാഹ്യശക്തികളായിരിക്കില്ല എന്നും ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഓരോ രാജ്യത്തും ശത്രു തന്റെ സഹായികളെയും സിൽബന്ധികളെയും പടച്ചുവിടും. അവർ മുഖേനയായിരിക്കും തകർക്കൽ പ്രക്രിയ. ഓരോ ഇന്ത്യക്കാരനും ആത്മപരിശോധന നടത്തണം: നമ്മുടെ നീക്കങ്ങൾ ശത്രുവിനെ സഹായിക്കുന്നുണ്ടോ?

സാമ്രാജ്യത്വത്തിന്റെ സഹകാരികളായി പ്രവർത്തിക്കുകയാണ് ഇന്ത്യയിലെ ഭരണകർത്താക്കൾ. വാൾമാർട്ടിന്റെ ചെയർമാൻ ഇന്ത്യയിൽ വന്നപ്പോൾ പ്രധാനമന്ത്രി മൻമോഹൻ സിംഗ് അദ്ദേഹത്തിന് അഭിമുഖ സംഭാഷണത്തിനുള്ള സമയം നൽകുകയാണ് ചെയ്തത്. മൊൺസാന്റോ പോലുള്ള മറ്റു കമ്പനികൾക്കും കടന്നുകയറാൻ അവസരമുണ്ടാക്കുകയാണ്. ഇവയെല്ലാം സമ്രാജ്യത്വം നയിക്കുന്ന 'ആഗോള സമ്പദ്ഘടന'യുടെ ഭാഗമാണ്. ഈ ഗ്ലോബൽ ഇക്കണോമിക്ക് നാട്ടിലെ ദാരിദ്ര്യമോ പിന്നാക്കാവസ്ഥയോ ഒന്നും പ്രശ്നമല്ല. നീതിയും അവരുടെ അജണ്ടയിലില്ല. ഇന്ത്യയിലെ ഗ്രാമങ്ങളിൽ വരെ കമ്പോളങ്ങൾ കൈയടക്കണം. ഇതേ ആ കമ്പനികൾക്ക് നോട്ടമുള്ളൂ. ഞാൻ ആവർത്തിക്കുന്നു, നമ്മുടെ നിലപാട് എന്ത് എന്നതാണ് പ്രധാനം. ഈ കടന്നുകയറ്റത്തെ മനസ്സാ നാമും അംഗീകരിക്കുന്നുണ്ടോ?

ബഹുരാഷ്ട്ര കമ്പനികളിൽ നമ്മുടെ മക്കൾക്ക് ഒരു ജോലി തരപ്പെടുത്തിയെടുക്കുക എന്നതല്ലേ നമ്മുടെ വലിയ അഭിലാഷം? യുവാക്കൾക്കും ആഗോള ഇക്കണോമിയുടെ ഭാഗമാവാനാണ് താൽപര്യം. ബഹുരാഷ്ട്ര കമ്പനികളിൽ ജോലി കിട്ടുമ്പോൾ കുടുംബം ആഹ്ലാദത്താൽ മതിമറക്കുന്നു. യഥാർഥത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ താലത്തിലാക്കി ശത്രുവിന് കാഴ്ചവെക്കുകയല്ലേ നാം? ഈ ചെറുപ്പക്കാർ പിന്നീട് ഏറ്റെടുക്കുന്നത് സാമ്രാജ്യത്വത്തിന്റെ ദല്ലാൾപണിയാണ്. നമ്മുടെ നാടിനെ നശിപ്പിക്കാൻ നമ്മുടെ കഴിവുറ്റ ചെറുപ്പക്കാരെ തന്നെ സാമ്രാജ്യത്വം ഉപയോഗപ്പെടുത്തുന്നു.

പെപ്സിയും കൊക്കക്കോളയുമെല്ലാം ബോംബ് പോലെയാണ്. കാലു കുത്തിയേടം അത് നശിപ്പിക്കും. കഴിഞ്ഞ വർഷം ഒരു വിദഗ്ധ സംഘത്തോടൊപ്പം ഞാൻ പ്ലാച്ചിമടയിൽ പോയിരുന്നു. കൊക്കക്കോളയുടെ ചുമതലക്കാരനോട് ഞാൻ ചോദിച്ചു: നിങ്ങൾ ഭൂഗർഭജലമെടുക്കുന്നതിന് സർക്കാറിന് എന്തെങ്കിലും കൊടുക്കുന്നുണ്ടോ? ഒരു ചില്ലിക്കാശും നൽകുന്നില്ലെന്നായിരുന്നു മറുപടി. എന്തൊരു തരംതാഴ്ന്ന രാഷ്ട്രീയ നേതൃത്വമാണ് നമ്മുടെ നാട്ടിൽ! അങ്ങ് ദൂരെ അമേരിക്കയിൽനിന്ന് വരുന്ന പാർട്ടികളോട് വെറുതെ വെള്ളമൂറ്റി കൊണ്ടുപോകാൻ പറയുക! ഈ വെള്ളം കുപ്പിയിലാക്കിയാണ് പത്തും പതിനഞ്ചും രൂപക്ക് കുത്തക ഭീമന്മാർ നമുക്കു തന്നെ വിൽക്കുന്നത്.

ഇവരുടെ തലതിരിഞ്ഞ വികസനരീതികൾ കാരണം ആഗോള താപനില ഉയരുകയാണ്. ഇത് ധ്രുവങ്ങളിൽ വൻതോതിൽ മഞ്ഞുരുക്കത്തിന് കാരണമാവും. സമുദ്രജല നിരപ്പ് ഉയരും. അടുത്ത തലമുറയായിരിക്കും ഇതിന്റെ കെടുതി ഏറ്റുവാങ്ങേണ്ടിവരിക. ഗോവ, തമിഴ്നാട്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽപെടുന്ന ആറായിരം കിലോമീറ്റർ തീരപ്രദേശം കടലെടുത്തുപോകുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

സ്വന്തത്തിനോ നാട്ടിനോ ഉപകരിക്കാത്ത വിദ്യാഭ്യാസമാണ് നമ്മുടെ കലാലയങ്ങളിൽ നൽകപ്പെടുന്നത്. തൊഴിലുമായി അതിനെ ബന്ധപ്പെടുത്തുന്നില്ല. അനീതിക്കെതിരെ പൊരുതാനുള്ള പിൻബലമോ പ്രചോദനമോ ആ വിദ്യാഭ്യാസം നൽകുന്നില്ല.

വിദ്യാർഥികളും യുവജനങ്ങളും ഒന്ന് മനസ്സിലാക്കണം. പാർട്ട്ടൈം വിപ്ലവം എന്നൊന്നില്ല. ഫുൾടൈം വിപ്ലവമേയുള്ളൂ. യുദ്ധമുഖത്ത് കിടന്നുറങ്ങാൻ കഴിയില്ലെന്ന് നിങ്ങൾ തിരിച്ചറിയണം.

(സമാപനസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം)

നിർവഹിച്ചുകൊണ്ട് *മാധ്യമം* പത്രാധിപർ ഒ. അബ്ദുർറഹ്മാൻ പറഞ്ഞു. ഒറ്റക്കെട്ടായി നിന്നാൽ ഇസ്‌ലാമികസമൂഹത്തെ തകർക്കാൻ ഒരു ശക്തിക്കും കഴിയില്ല. യുവസമൂഹത്തിന്റെ ധാർമിക തകർച്ചയാണ് സമുദായം നേരിടുന്ന വെല്ലുവിളികളിലൊന്ന്. എല്ലാ സംഘടനകളും ഒന്നിച്ചുനിന്ന് മഹല്ലടിസ്ഥാനത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് മാത്രമേ യുവസമൂഹത്തെ നേരായ വഴിയിൽ നടത്താനാവൂ. സച്ചാർ കമീഷൻ റിപ്പോർട്ട് പുറത്തുവന്നിരിക്കെ, പ്രശ്നപരിഹാരത്തിന് ക്രിയാത്മക നടപടികളുമായി കൂട്ടായി മുന്നോട്ടു വന്നില്ലെങ്കിൽ പതനം ഭീകരമായിരിക്കും. സമുദായം ഭിന്നത ആഗ്രഹിക്കുന്നില്ല. നയിക്കുന്നവരുടെ ശാഠ്യമാണ് പ്രശ്നം- അദ്ദേഹം പറഞ്ഞു.

'ഞാനൊരു സലഫി ആശയക്കാരനാണ്. ഇപ്പോൾ ഒരു സംഘടനയെയും പ്രതിനിധീകരിക്കുന്നില്ല' എന്ന മുഖവുരയോടെ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി ചർച്ചക്ക് തുടക്കമിട്ടു. ഒരുമിച്ചുകൂട്ടുന്ന കാര്യങ്ങളല്ല, വ്യതിരിക്തമാക്കുന്ന കാര്യങ്ങളാണ് സംഘടനാ വേദികളിൽ പറയുന്നത്. മിനായിലും അറഫായിലും വരെ വ്യതിരിക്തത പറയുകയാണ്. ഇത്തരം രീതികൾ സംഘടനകൾ മാറ്റണം. മദ്ഹബുകളും എണ്ണമറ്റ കിതാബുകളുമാണ് ഇന്ന് മുസ്‌ലിം സ്വഭാവത്തെ നിർണയിക്കുന്നത്. ആദ്യകാല വിശ്വാസികൾ അങ്ങനെയായിരുന്നില്ല. അവർക്ക് ഖുർആനും നബിയുടെ സുന്നത്തും മാത്രമായിരുന്നു മാതൃക. ആ നിലപാടിലേക്ക് മുസ്‌ലിം സംഘടനകൾക്ക് തിരിച്ചുപോകാനാവുമോ? എങ്കിൽ ഐക്യം സാധ്യമാണ്.

പഴയകാല പണ്ഡിതന്മാർ വിയോജിക്കാറുണ്ടായിരുന്നെങ്കിലും പരസ്പരം വെറുക്കാറുണ്ടായിരുന്നില്ല. അന്വേഷിക്കുന്നതും വിയോജിക്കുന്നതും വെറുപ്പിന് കാരണമാവരുത്. ഓരോരുത്തരും അവരവരുടെ നിഗമനത്തിലാണ് എത്തുക. എല്ലാവരും നമ്മുടെ നിഗമനത്തിലേ എത്താവൂ എന്ന് ശഠിക്കുന്നത് ശരിയല്ല. വിയോജിക്കാനുള്ള അവസരം പ്രവാചകൻ തന്നെ അനുവദിച്ചിട്ടുണ്ട്.

കടുത്ത അക്രമിയായ ഫറോവയോട് വരെ 'സൗമ്യമായ വാക്ക്' പറയണം എന്നാണ് അല്ലാഹു മൂസാ നബിയെ ഉപദേശിക്കുന്നത്. അപ്പോൾ മുസ്‌ലിം സംഘടനകൾ പരസ്പരമുള്ള വിയോജിപ്പിന്റെ ഭാഷ എത്ര സൗമ്യമാകണം? - അദ്ദേഹം ചോദിച്ചു.

വിയോജിക്കുമ്പോൾ പ്രയോഗിക്കുന്ന 'ഭാഷയുടെ സൗമ്യത' തന്നെയാണ് മുഖ്യപ്രശ്നമെന്ന് വളാഞ്ചേരി എം.ഇ.എസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഹുസൈൻ രണ്ടത്താണി. നല്ല വാക്കുകൾ പറഞ്ഞാൽ പോരാ, ജീവിതത്തിൽ കാണണം.

അഭിപ്രായ വ്യത്യാസങ്ങൾ ഇല്ലാതാക്കാനാവുകയില്ല. അവ നിലനിർത്തിക്കൊണ്ടുതന്നെ ഐക്യമുണ്ടാക്കാൻ കഴിയണം- കേരള നദ്‌വത്തുൽ മുജാഹിദീൻ സെക്രട്ടറി അബൂബക്കർ നന്മണ്ട പറഞ്ഞു. കലാലയങ്ങളിലെ സദാചാരവിരുദ്ധതക്കെതിരെ കൂട്ടായ യത്നങ്ങൾ ഉണ്ടാവണം. ജനസേവന പ്രവർത്തനങ്ങളിലും മുസ്‌ലിം സംഘടനകൾക്ക് ഒന്നിക്കാൻ പ്രയാസമില്ല- അദ്ദേഹം പറഞ്ഞു.

കേരളത്തിൽ മറ്റു വിഭാഗങ്ങൾക്കുള്ളതുപോലെ മുസ്‌ലിംകൾക്ക് ഒരു മതനേതൃത്വമില്ലാത്തത് പ്രശ്നമാണെന്ന് എം.ഇ.എസ് ജനറൽ സെക്രട്ടറി ഡോ. പി.എ. ഫസൽ ഗഫൂർ അഭിപ്രായപ്പെട്ടു. മുസ്‌ലിം സംഘടനകളുടെ ഒരു കോ-ഓർഡിനേഷൻ കൗൺസിലിന് ഉടനടി രൂപം നൽകണം.

മുസ്‌ലിം സംഘടനകൾ നൽകിയ സംഭാവനകൾ വില കുറച്ചു കാണിക്കുന്നതും പത്രങ്ങൾ സംയമനം പാലിക്കാത്തതും ഐക്യത്തിന് തടസ്സമാവുന്നുണ്ടെന്ന് മുസ്‌ലിം ലീഗ് കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് സി. മോയിൻ കുട്ടി പറഞ്ഞു. രാഷ്ട്രീയനേതൃത്വങ്ങൾ പക്ഷപാതിത്വങ്ങൾക്ക് അതീതമായി നിലനിൽക്കണമെന്ന് ഐ.എൻ.എൽ സംസ്ഥാന പ്രസി

## വനിതകളുടെ സമ്മേളനം

**ജമാഅത്തെ** ഇസ്‌ലാമി കോഴിക്കോട് ജില്ലാ സമ്മേളനത്തെ ശ്രദ്ധേയമാക്കുന്നത് വർധിച്ച സ്ത്രീപ്രാതിനിധ്യമാണ്. മൊത്തം സദസ്സിന്റെ പകുതിയിലധികം സ്ത്രീകളായിരിക്കുമെന്നാണ് സംഘാടകരുടെ കണക്കുകൂട്ടൽ. പരിപാടി തുടങ്ങുന്നതിനു മുമ്പ് തന്നെ സ്ത്രീകൾക്കായി ഒരുക്കിയ പന്തൽ നിറഞ്ഞുകവിഞ്ഞിരുന്നു. അച്ചടക്കത്തിലും കൃത്യനിഷ്ഠയിലും ഒരുപടി മുന്നിൽ സ്ത്രീകൾ തന്നെ എന്നാണിത് കാണിക്കുന്നത്.

ടി.കെ അബ്ദുല്ല സാഹിബ് തന്റെ പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം എടുത്തുപറഞ്ഞു. രാവേറെ ചെന്നിട്ടും അച്ചടക്കത്തോടെ പരിപാടികൾ ശ്രദ്ധിക്കുന്ന സ്ത്രീസദസ്സ് അഭിനന്ദനമർഹിക്കുന്നു. ഇപ്പുറത്ത് സ്ഥിതി അത്ര ആശാവഹമല്ല - പുരുഷ സദസ്സിനെ നോക്കി ടി.കെയുടെ കമന്റ്. ഇത്തരം സദസ്സുകളിൽ സ്ത്രീകളെ താൻ കാണാറില്ലെന്നും ഇത് ആദ്യാനുഭവമാണെന്നും ക്ലോഡ് അൽവാരിസ്. ഈ മനുഷ്യാവകാശ-പരിസ്ഥിതി പ്രവർത്തകന്റെ സാമ്രാജ്യത്വത്തിനെതിരിലുള്ള മൂർച്ചയേറിയ വാക്ശരങ്ങൾ പരിഭാഷക്ക് കാത്തുനിൽക്കാതെത്തന്നെ സ്ത്രീസദസ്സ് കൈയടിയോടെ വരവേറ്റു.

## മികച്ച ആസൂത്രണം

സമ്മേളനത്തലേന്നു വരെ ഒരുപാട് ആശങ്കകളുണ്ടായിരുന്നു. ജില്ലയിലെ പ്രവർത്തകർക്ക് ഇത്ര വിപുലമായ സമ്മേളനം നടത്തി പരിചയമില്ല. സമ്മേളനത്തോടനുബന്ധിച്ച് ആഴ്ചകൾക്കു മുമ്പ് നടത്തിയ ബാലസമ്മേളനത്തിൽ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചാണ് കുട്ടികളെത്തിയത്. അവർക്ക് വേണ്ടത്ര സൗകര്യമേർപ്പെടുത്താൻ കഴിഞ്ഞില്ല. ഇത് ആവർത്തിക്കപ്പെടുമോ എന്ന് സംഘാടകർ ന്യായമായും ഭയപ്പെട്ടു. പക്ഷേ പ്രതീക്ഷിച്ചതിനേക്കാളേറെ ഭംഗിയായി സമ്മേളനം വിജയിപ്പിക്കാൻ കഴിഞ്ഞു.

ജില്ലാ പ്രസിഡന്റ് വി.പി ബശീർ സമാപനപ്രസംഗത്തിൽ പറഞ്ഞതു പോലെ, സമ്മേളനസ്ഥലം മാറ്റിയതാണ് അതിനൊരു പ്രധാനകാരണം. കോഴിക്കോട് ബൈപാസ് റോഡിലുള്ള 'സ്വപ്നനഗരി'യാണ് സമ്മേളന വേദിയായി കണ്ടിരുന്നത്. ആ സ്ഥലം ഒഴിഞ്ഞുകിട്ടാത്തതിനാൽ സമ്മേളന നഗരി കടപ്പുറത്ത് ഒരുക്കുകയായിരുന്നു. അവിടെ 25,000 പേർക്ക് ഇരുന്ന് പരിപാടികൾ ശ്രവിക്കാൻ വിശാലമായ പന്തലൊരുക്കി. കോഴിക്കോട്ടുകാർക്ക് ഓലമേഞ്ഞ പന്തൽ പുത്തൻ കാഴ്ചയായിരുന്നു. ഓലയുടെ തണുപ്പും നിലക്കാത്ത കടൽക്കാറ്റും സദസ്സിലും വേദിയിലുമിരുന്നവർക്ക് വലിയ അനുഗ്രഹമായി.

*പ്രബോധനം*, ഐ.പി.എച്ച്, ധർമധാര പോലുള്ള സ്റ്റാളുകൾ അതേ വലുപ്പത്തിലും സൗകര്യത്തിലും സ്ത്രീകളുടെ ഭാഗത്തും ഉണ്ടായിരുന്നു. ഭക്ഷണ വിതരണത്തിലും സംഘാടകർ പുതിയ രീതികൾ പരീക്ഷിച്ചു. ഇടവേളയിൽ പന്തലിന്റെ ഒരു ഭാഗത്തുള്ള സദസ്യരോട് ഉച്ചഭക്ഷണത്തിന് പോകാൻ നിർദേശിച്ചു. ബാക്കിയുള്ളവർ ആ സമയത്ത് നമസ്കാരം നിർവഹിച്ചു. ഭക്ഷണം കഴിച്ചെത്തിയവർ രണ്ടാമതൊരു ജമാഅത്തായി നമസ്കാരം നിർവഹിക്കുകയാണുണ്ടായത്. ഇത് വുദുവെടുക്കുന്ന സ്ഥലത്തും ഭക്ഷണഹാളിലും തിരക്കൊഴിവാക്കാൻ സഹായിച്ചു.

## പാള പ്ലെയ്റ്റ്

പരിസ്ഥിതി മലിനീകരണത്തിനെതിരായ ജാഗ്രത സമ്മേളനത്തിൽ സർവത്ര ദൃശ്യമായി. സമ്മേളന നഗരിയിലും കാന്റീനിലും ഭക്ഷണഹാളിലുമെല്ലാം പ്ലാസ്റ്റിക് പാത്രങ്ങൾക്കും കവറുകൾക്കും നിരോധമേർപ്പെടുത്തി. കമുകിൻപാളയിൽ ഭംഗിയായി ഡിസൈൻ ചെയ്ത പാത്രത്തിലായിരുന്നു ഭക്ഷണം.

ഡന്റ് എസ്.എ പുതിയവളപ്പിൽ നിർദേശിച്ചു. മത-രാഷ്ട്രീയ കക്ഷികൾ അവര വരുടെ ധർമം ശരിയായ വിധത്തിൽ നിർവഹിക്കാൻ മുന്നോട്ടുവരണമെന്ന് എം.എസ്.എസ് ജനറൽ സെക്രട്ടറി പി.എം മുഹമ്മദ് അശ്റഫ് പറഞ്ഞു. യോജിക്കാൻ കഴിയാത്ത അഭിപ്രായ വ്യത്യാസങ്ങളൊന്നും മുസ്‌ലിം സംഘടന കൾക്കിടയിൽ ഇല്ലെന്ന് അബുൽ ഖൈർ മൗലവി (തബ്‌ലീഗ് ജമാഅത്ത്).

എല്ലാം വെട്ടിത്തുറന്നു പറയുന്ന രീതിയാണ് സൗഹൃദ സമ്മേളനത്തിൽ കാണാനായത്. പരിഭവങ്ങൾ മാത്രമല്ല കുറ്റപ്പെടുത്തലുകളുമുണ്ടായിരുന്നു. പ ക്ഷേ, കുറ്റാരോപണങ്ങൾക്ക് മറുപടി പറയുന്നതിനു പകരം, ചില പാളിച്ചകൾ തങ്ങളുടെ ഭാഗത്തുമുണ്ടെന്ന് പ്രതിനിധികൾ പരോക്ഷമായി സമ്മതിക്കുകയാ ണുണ്ടായത്. ഇത് ആരോഗ്യകരമായ സംവാദത്തിനും തുടർന്ന് പൊതു പ്രശ്ന ങ്ങളിലെ കൂട്ടായ്മക്കും വഴിവെക്കും. സൗഹൃദ സമ്മേളനത്തിന് തുടർച്ച ഉണ്ടാ വുമെന്ന പ്രതീക്ഷയോടെയാണ് സംഗമത്തിന് തിരശ്ശീല വീണത്.

## പൊതുസമ്മേളനം

ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി പ്രഫ. കെ.എ സിദ്ദീഖ് ഹസനാണ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തത്. രാഷ്ട്രീയ ബദലുകൾ വ ളർത്തിക്കൊണ്ടുവരാനുള്ള ശ്രമം അഖിലേന്ത്യാടിസ്ഥാനത്തിൽ ജമാഅത്ത് നട ത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാമ്രാജ്യത്വത്തിന് അടിപ്പെട്ടു കഴിഞ്ഞ മുഖ്യധാരാ രാഷ്ട്രീയ കക്ഷികളിൽനിന്ന് ഇനി ഏറെയൊന്നും പ്രതീക്ഷിക്കാനി ല്ല. ആസാമിലും മുംബൈ കോർപറേഷൻ തെരഞ്ഞെടുപ്പിലും രാഷ്ട്രീയ ബദ ലിനുള്ള നീക്കമാണ് നടത്തിയത്. വരാനിരിക്കുന്ന യു.പി തെരഞ്ഞെടുപ്പിലും ഒരു പരീക്ഷണത്തിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഗവൺമെന്റുകൾ നമ്മുടെ സ്വയംനിർണയാവകാശത്തെ തീറെ ഴുതികൊടുക്കുന്ന ബ്രോക്കർമാരായി മാറുകയാണെന്ന് അധ്യക്ഷപ്രഭാഷണ ത്തിൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പറഞ്ഞു. ജമാ അത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം ടി.കെ. അബ്ദുല്ല, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽ ഹമീദ് വാണിയമ്പലം, എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി. ദാവൂദ്, ജമാഅത്തെ ഇസ്‌ലാമി കേരള വനിതാ വിഭാഗം അധ്യക്ഷ കെ.കെ സുഹ്റ പ്രസംഗിച്ചു. സമ്മേളന കൺവീനർ ഹബീബ് മസ്ഊദ് സ്വാഗതം പറഞ്ഞു. ജില്ലാ പ്രസിഡന്റ് വി.പി ബശീർ സമാപനപ്രസംഗം നടത്തി. ■